**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3127** **01-03-2023 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ-കുമ്പളങ്ങി ഫെറി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തേയും എറണാകുളം ജില്ലയിലെ കൊച്ചി മണ്ഡലത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കെൽട്രോൺ-കുമ്പളങ്ങി ഫെറി പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കെൽട്രോൺ - കുമ്പളങ്ങി പാലം നിർമ്മാണത്തിനായി (ഭൂമി ഏറ്റെടുക്കലുൾപ്പടെ) 44.2 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. നിലവിൽ പദ്ധതി ലാൻഡ് അക്വിസിഷൻ ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 16/07/2021 ൽ 13,57,360/- രൂപയുടെ കണ്ടിജൻസി ചാർജ് അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.<br><br>സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 29/05/2022 തീയതിയിലെ ഗവൺമെന്റ് ഗസറ്റ് പ്രകാരം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്. ബി നടപ്പിലാക്കി വരുന്ന ഈ പദ്ധതിക്ക് കുമ്പളങ്ങി ഭാഗത്തെ സ്ഥലമേറ്റെടുക്കലിനായി 5 കോടി 7 ലക്ഷം രൂപ 16/02/2023 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി എറണാകുളത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അരൂർ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുക നൽകുന്നതിനുള്ള നടപടികൾ തഹസീൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. കെ.ആർ.എഫ്.ബി വഴിയാണ് നിർമ്മാണ നിർവ്വഹണം നടത്തുന്നത്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണ നിർവ്വഹണ ഏജൻസി ഏതാണെന്നും വിശദമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ